## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2205** **26.03.2013 ലെ മറുപടിയ്ക്ക്**

### ഡയാലിസിസ് യൂണിറ്റുകളെ കാരുണ്യ ബെനവലന്റ് സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ബി.ഡി. ദേവസ്സി** | | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** | |
| (എ) | ശാന്തി മെഡിക്കൽ ഇൻഫർമേഷൻ സെന്ററിനു കീഴിലുള്ള 10 ഡയാലിസിസ് യൂണിറ്റുകളെ കാരുണ്യ ബെനവലന്റ് സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) | താലൂക്ക് തലത്തിൽ കുറഞ്ഞത് രണ്ട് ഡയാലിസിസ് സെന്റർ വീതം കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് അക്രെഡിറ്റു ചെയ്യുന്നതിന് അപേക്ഷ ക്ഷണിച്ചത് പ്രകാരം 47 അപേക്ഷകൾ ലഭിക്കുകയും ഈ സ്ഥാപനങ്ങളുടെ അക്രെഡിറ്റേഷനു വേണ്ടിയുള്ള തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. അപേക്ഷ ലഭിച്ചവരുടെ കൂട്ടത്തിൽ ശാന്തി മെഡിക്കൽ ഇൻഫർമേഷൻ സെന്റർ എന്ന പേരിൽ അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.<br><br>എന്നാൽ ശാന്തി ഫ്രീ & സബ്സിഡൈസ്ഡ് ഡയാലിസ് യൂണിറ്റ് എന്ന പേരിൽ വിവിധ ആശുപത്രികളിൽ പ്രവർത്തിക്കുന്ന 7 സ്ഥാപനങ്ങളിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം നിശ്ചിത യോഗ്യതയുള്ളവയെ ഈ സ്കീമിലേക്ക് അക്രെഡിറ്റ് ചെയ്യുന്നതാണ്. |
| (ബി) | അപേക്ഷ പരിഗണിച്ച് അടിയന്തിരമായി പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ; | (ബി) | മാനദണ്ഡങ്ങൾ പ്രകാരം യോഗ്യതയുള്ളവയെ ഈ സ്കീമിലേക്ക് അക്രെഡിറ്റ് ചെയ്യുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | വൃക്ക രോഗികൾക്ക് ഡയാലിസിസിനു പുറമേ അവശ്യ മരുന്നുകൾക്കും ഇഞ്ചക്ഷനും കൂടി കാരുണ്യ ബെനവലന്റ് സ്കീമിൽ ഉൾപ്പെടുത്തി സഹായം ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (സി) | ധനസഹായം അനുവദിച്ചിട്ടുള്ള രോഗികൾക്ക് ഡയാലിസിസിനുള്ള തുക ബന്ധപ്പെട്ട സർക്കാർ ആശുപത്രികളിലേക്ക് നല്കുകയും ഡയാലിസിസിന് ആവശ്യമായ മരുന്നായ എറിത്രോപോയിറ്റൻ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി നൽകുന്നതിനും നടപടികൾ സ്വീകരിച്ചി ട്ടുണ്ട്. അക്രെഡിറ്റഡ് ആശുപത്രികളിലേക്ക് ഡയാലിസിസ് ചികിത്സയ്ക്ക് തയ്യാറാക്കിയിട്ടുള്ള പാക്കേജിൽ ആവശ്യമായ മരുന്നുകളും ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.